SUNDAY 15/12/2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/12/2024

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അമ്പലവയൽ റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (RARS) 2025 ജനുവരി 1 മുതൽ 15 വരെ പൂപ്പൊലി 2025 എന്ന വാർഷിക അന്താരാഷ്ട്ര പുഷ്പമേള സംഘടിപ്പിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട വിവിധ ഉൽപന്നങ്ങളും സാങ്കേതികവിദ്യകളും അവതരിപ്പിക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ ഏജൻസികൾക്കും കർഷകർക്കും 50-ലധികം പ്രദർശന സ്റ്റാളുകൾ ഉണ്ടായിരിക്കുന്നതാണ്. കാർഷിക മേഖലയിലെ പുഷ്പ സൗന്ദര്യത്തിൻ്റെയും സാങ്കേതിക പുരോഗതിയുടെയും മഹത്തായ പ്രദർശനമായി ഇത് വർത്തിക്കുന്നു. കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, നൂതനമായ പരിഹാരങ്ങൾ, കാർഷിക രീതികളിലെ പുരോഗതി എന്നിവ മനസ്സിലാക്കുന്നതിനും പൂപ്പൊലി സഹായിക്കും.

2. സംസ്ഥാനത്ത് ജൈവവളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്ന എല്ലാ ഡീലർമാരും അവരവരുടെ ജൈവ വളം സാമ്പിളുകൾ കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അഗ്രിക്കൾച്ചറിൻ്റെ ഡിപ്പാർട്മെൻ്റ് ഓഫ് സോയിൽ സയൻസ് ആൻഡ് അഗ്രിക്കൾച്ചറൽ കെമിസ്ട്രിയിൽ പ്രവർത്തിച്ചു വരുന്ന ലാബിൽ 2024 ഡിസംബർ 31 നു മുൻപ് എത്തിച്ച് പരിശോധന വിധേയമാക്കേണ്ടതാണ് എന്ന് കൃഷി അഡിഷണൽ ഡയറക്ടർ (സി പി ) അറിയിക്കുന്നു

3. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240 എന്ന നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ആലപ്പുഴ ജില്ലാ അഗ്രി ഹോർട്ടിക്കൾച്ചറൽ സൊസൈറ്റി സമ്മിശ്രകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ഏറ്റവും മികച്ച കൃഷിക്കാരെ തെരഞ്ഞെടുത്ത് നൽകുന്ന ആർ ഹേലി സ്മാരക കർഷക ശ്രേഷ്ഠ പുരസ്ക്കാരത്തിന് അപേക്ഷ ക്ഷണിച്ചു. കാർഷിക പ്രവർത്തനങ്ങളിൽ പ്രായോഗിക പരിജ്ഞാനമുള്ള കർഷകനാണെന്ന സ്ഥലത്തെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റോടുകൂടിയുള്ള അപേക്ഷകൾ ഡിസംബർ 18 ന് അഞ്ചു മണിയ്ക്ക് മുമ്പായി രവി പാലത്തുങ്കൽ, സെക്രട്ടറി, ആലപ്പുഴ ജില്ലാ അഗ്രി ഹോർട്ടിക്കൾച്ചറൽ സൊസൈറ്റി, എവിപി ബിൽഡിംഗ്, സനാതനം വാർഡ്, അലപ്പുഴ-688001 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 9447225408.

5. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, ഇൻസ്ട്രക്ഷണൽ ഫാമിലെ കശുമാവ്, കമുക്, പ്ലാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശത്തിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. അവസാന തീയതി 16.12.2024. കൂടുതൽ വിവരങ്ങൾക്ക് 0487-2961457 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം ജില്ലയിൽ 2023-24 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി / സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്ക്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്ട്രേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2024 ഡിസംബർ മാസം ഇരുപത്തിമൂന്നാം തീയതിയ്ക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ചു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

## പരിശീലന പരിപാടി

7. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ഡിസംബർ 18, 19 തീയതികളിലായി **ക്ഷീരസംരംഭകത്വം ശാസ്ത്രീയ പശു പരിപാലനത്തിലൂടെ** എന്ന വിഷയത്തിൽ 2 ദിവസത്തെ പരിശീലനം നടത്തുന്നു. നിലവിൽ പത്തോ അതിൽ അധികമോ പശുക്കളെ വളർത്തുന്നവർക്കും ക്ഷീരമേഖലയെ ഒരു സംരംഭമായി കരുതി ഫാം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.പങ്കെടുക്കാൻ താൽപര്യമുള്ളവർ 16.12.2024 വൈകുന്നേരം 5 മണി വരെ ഫോൺ മുഖേനയോ 8089391209 എന്ന വാട്സ്അപ്പ് നമ്പരിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും 20/- രജിസ്ട്രേഷൻ ഫീസും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം